An observation by the President.

Mr. President.—My attention has been drawn to the leading article in the issue of the Keralan dated the 26th March. This leading article is a criticism on the ruling given by me as President on the Adjournment Motion which the Hon'ble Member Mr. T. K. Nayar moved under Standing Order 26. Hon'ble Members know perfectly well what the nature of that Adjournment Motion was and how it differs from the ordinary Adjournment Motion to discuss a matter of urgent public importance. The object of the Hon'ble Member's motion was not to discuss a matter of urgent public importance, but simply to suspend the business of the House that day and yet, in spite of that, these sentences occur in the leading article of this paper: "Subsequently to avoid the criticisms of the representatives of the people the Adjournment Motion was ruled out accordingly. This action of Sir Shanmukham does not reconcile with his earlier utterances. The readers would remember that he has expressed on several occasions that he is accustomed to adverse criticisms and that he welcomes them. He is now going out of his way to avoid it." I have come across, during the last few months, many instances of newspaper criticisms based upon maliciously concocted falsehoods. But this one surpasses every one of the criticisms which I have met so far, and I must give the severest warning to this newspaper that both in my capacity as the President of this House and in my capacity as the Head of the Administration, I will take the most stringent measures, if this sort of articles is repeated. In ordinary cases, if any sense of gentlemanliness prevails on the part of a newspaper, when a gross falsehood of this nature is brought to its notice, it is its duty to apologise and withdraw. But I am not sure what this paper will do. That is not my look-out. It is my duty as President of the House to point out to the Hon'ble Members that my ruling as President of the House has been misinterpreted in the most malicious manner.

Mr. T. K. Nayar.—Our walk out was also misinterpreted. It was not as a protest but with due respect to the ruling.

Mr. President.—One certainly expects that a newspaper of that standing will not write leading articles without verifying its correctness.

The Cochin Castes and Religious Disabilities Removal Bill.

Mr. K. Ayyappan.—Sir, I beg to introduce the Cochin Castes and Religious Disabilities Removal Bill.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ല് എല്ലാ പരിഷ്കൃതഗവമ്മെൻറുകളും സ്വീകരിച്ചിട്ടുള്ള നിയമമാണ്. ഇവിടെ ഇതിനുമുമ്പ് ഈ ബിൽ അവതരിപ്പിക്കുന്നതിനായി ഞാൻ മാത്രമല്ല രണ്ടുമൂന്നു മെമ്പർമാർ നോട്ടീസു കൊടുത്തിരുന്നു. ഈ ബിൽ ഒരുതവണ ഈ സഭ തള്ളിക്കളഞ്ഞിട്ടുള്ളതാണ്. അന്ന് ഇതു തള്ളുവാൻ പ്രേരിപ്പിച്ച സ്ഥിതിഗതി ഇപ്പോൾ ഇല്ലെന്നാണ് വിചാരിക്കുന്നത്.

ഇതു് ഒരു മതക്കാർക്കും ദോഷം വരുന്ന ഒരു നിയമമല്ല. ഇതു് അവരവരുടെ മനഃസാക്ഷിക്കു തോന്നുന്ന മാതിരിയുള്ള മതവിശ്വാസം വെച്ചുകൊണ്ടിരിക്കുവാൻ വ്യക്തികൾക്കു സ്വാതന്ത്ര്യം കൊടുക്കുന്നതിനു വേണ്ടിയുള്ള ഒരു നിയമംമാത്രമാണ്. ഈയിടെയുണ്ടായ ചില കേസുകളിൽ ഈ നിയമം ഇവിടെ ഇല്ലാത്തതിൻെറ വിഷമം എല്ലാവരേയും ബോദ്ധ്യപ്പെട്ടുത്തീട്ടുണ്ട്. ചില മതക്കാക്ക് ഇതുകൊണ്ടു സ്വല്പം ഭയമുണ്ടെങ്കിലും ചില മതക്കാർക്കു സ്വല്പം സന്തോഷവും തോന്നാനിടയുണ്ട്. മതം മാറാമില്ലാത്തതായ മതക്കാർക്കു ഈ ബിൽ അവരുടെ മതത്തിനു ദോഷകരമാണെന്നു തോന്നാം; എന്നാൽ ഇതുകൊണ്ടു മതപരിവർത്തനമൊന്നും നടക്കുകയില്ല. ബ്രിട്ടീഷിന്ത്യയിൽ ഈ നിയമം ഉള്ളതുമൂലം മതപരിവർത്തനം നടക്കുന്നില്ലല്ലൊ. സ്വാതന്ത്ര്യമായി മതവിശ്വാസം വെച്ചുകൊണ്ടിരിക്കുവാൻ എല്ലാവക്കും സൗകര്യം കൊടുക്കണം. അങ്ങിനെയുള്ള സൗകര്യമില്ലാത്ത സ്ഥിതിയിൽ വെച്ചുകൊണ്ടിരിക്കുന്ന മതവിശ്വാസങ്ങളെല്ലാം നിർബന്ധിതമായിട്ടുള്ളതാണ്. അതു് ഉത്തമമതവിശ്വാസമായിരിക്കയില്ല. സ്വാതന്ത്ര്യമായി ഇഷ്ടമുള്ള മതവിശ്വാസം വെച്ചുകൊണ്ടിരിക്കുമ്പോൾ സാധിക്കുന്ന സ്ഥിതിവരുമ്പോൾ മാത്രമാണു മതങ്ങളുടെ യഥാർത്ഥയോഗ്യത അളക്കുവാൻ സാധിക്കുന്നതു്. ഞാൻ ഒരിക്കൽ കൂടി പറയുന്നു ഈ നിയമം വ്യക്തികൾക്കു മതസ്വാതന്ത്ര്യം കൊടുക്കുന്ന ഒന്നാണെന്ന്. എല്ലാപരിഷ്കൃത രാജ്യങ്ങളിലും നടപ്പുള്ള ഈ നിയമം ഇവിടെ നടപ്പാക്കുന്നതായാൽ യാതൊരു ദോഷവും വരാനില്ല. ഇതുമൂലം മതപരിവർത്തനം കൂടുമെന്ന് ആരും ഭയപ്പെടേണ്ട. ഇതു് ഇല്ലാതിരുന്നാൽ മതപരിവർത്തനം നടക്കുകയില്ലെന്നും വിചാരിക്കേണ്ട. സിവിൽ മാരീജു ബിൽ പാസാക്കിയ ഈ സഭയും അതു നിയമമാക്കിയ ഈ ഗവമ്മെൻറും ഈ ബില്ലും തത്വപ്രകാരം സ്വീകരിക്കേണ്ടതാണ്. രണ്ടിൻെറ തത്വവും സൂക്ഷ്മത്തിൽ ഒന്നാണല്ലൊ

Mr. V. K. Kutty.—I second it.

മിസ്റ്റർ എ. നാരായണമേനോൻ.— സർ, ഞാൻ ഈ ബില്ലിനെ ബലമായി എതിർക്കുന്നു. ആദ്യമായി സിവിൽ മാരീജു ബിൽ പാസാക്കിയ കൌൺസിൽ അല്ലെങ്കിൽ ഗവമ്മെൻറു് ഇതും പാസാക്കേണ്ടതാണു് എന്ന വാദം പരിശോധിക്കാം. സിവിൽ മാരീജു ബില്ലിൻെറ അടിസ്ഥാനം വിവാഹ ബന്ധത്തിൽ ഏർപ്പെടുവാൻ കാംക്ഷിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്ന രണ്ടു കക്ഷികൾക്കും യോജിപ്പുണ്ടെങ്കിൽ വിവാഹം കഴിക്കാമെന്നാണ്. ഇവിടെ ഇരുകൂട്ടർക്കും വ്യക്തിസ്വാതന്ത്ര്യമുണ്ട്. എന്നാൽ ഈ ബിൽ സ്വാതന്ത്ര്യത്തിനെ ഹനിക്കുന്നതാണ്. വ്യക്തിസ്വാതന്ത്ര്യം ഒരാൾക്കുണ്ടെങ്കിൽ ബാക്കിയുള്ള ആളുകൾക്ക് അതു സങ്കടമാണുണ്ടാക്കുന്നതു്. ജാതിയോ മതമോ വിട്ടുന്ന ആൾക്കു വ്യക്തിസ്വാതന്ത്ര്യം കൊടുക്കുകയാണെങ്കിൽ അയാൾ അന്യവ്യക്തികളോടൊരുമിച്ചു താമസിക്കുവാൻ നിർബ്ബന്ധിക്കുന്നതും അതുകാരണം അവർക്കു ബുദ്ധിമുട്ടു നേരിടുന്നതുമാണ് മതം മാറുന്ന വ്യക്തി ഒരു ബ്രാഹ്മണ കുടുംബത്തിലെ അംഗമാണെങ്കിൽ ഈ ബിൽ പാസായാൽ പ്രാർത്ഥനാസ്ഥലത്തും പാചകമുറിയിലും അയാൾക്കു പ്രവേശിച്ചു് ഇതരവ്യക്തികളെ സങ്കടപ്പെടുത്താം. മതം മാറുന്നതുകൊണ്ടു് വ്യക്തിസ്വാതന്ത്ര്യം കിട്ടുമെങ്കിൽ മതം മാറിക്കൊള്ളട്ടെ; പക്ഷെ അന്യന്മാർക്കു് അതു് ഒരു മർദ്ദനമായി വരരുതു്. ഈ ബില്ലിന്റെ 4-ാംവകുപ്പിൽ ഇപ്രകാരമാണു പറഞ്ഞിരിക്കുന്നതു്.

"So much of any law or usage now in force in Cochin as inflicts on any person forfeiture of rights or property or may be held in any way to impair or affect any right of inheritance by reason of his renouncing or having been excluded from the communion of any religion or being deprived of caste shall cease to be enforced as law in the Courts of the State".

ഒരാൾ മതംമാറിയാലും inheritance-നു് അവകാശപ്പെടാമെന്നാണു പറയുന്നതു്. ഈ അവകാശം മതം മാറി ദീർഘകാലംകഴിഞ്ഞു് ഉണ്ടായാലും പോകുന്നതല്ലെന്നു സമർത്ഥിക്കുന്നു. ഈ ബിൽ ആത്യാവസാനം ദോഷമായിട്ടുള്ള ഒന്നാണ്. ബിൽ ഹിന്ദുമതത്തിനു ദോഷമാണെന്നു പറയുന്നതു് ഞാൻ അതു വിലവെക്കുന്നില്ല. അന്യമതത്തിൽനിന്നു വ്യക്തികളെ ഹിന്ദുമതത്തിലേക്കു് എടുക്കുകയില്ല എന്നുപറഞ്ഞു. അതു പഴയകഥയാണ്. ഇപ്പോൾ ഹിന്ദുമതത്തിലേക്കും അന്യമതക്കാരിൽനിന്നു് ആളെ എടുക്കുവാനുള്ള പ്രചരണ വേലകൾനടക്കുന്നുണ്ടു്. കേരളത്തിൽ തന്നെ "നായരീകരണം" തുടങ്ങാൻ സർവ്വീസ് സൊസൈറ്റി തീച്ചയാക്കീട്ടുണ്ടു്. ഈ നിയമം പാസാക്കുന്നതു ഹിന്ദുക്കൾക്കും ബാക്കി മതക്കാർക്കും ഒരുപോലെ ദോഷമാണ്. വ്യക്തിസ്വാതന്ത്ര്യം വ്യക്തിമർദ്ദനത്തിനു കാരണമാക്കാതെ നമ്മൾ സൂക്ഷിക്കേണ്ടതാണ്.

പിന്നെ വേറെ ഒരു സംഗതി പറയുവാനുണ്ടു്. ഈ മാതിരി നിയമം പരിഷ്കൃതരാജ്യങ്ങളിൽ നടപ്പുണ്ടെന്നു ബില്ലിടമസ്ഥൻ പറഞ്ഞു. ഏതു പരിഷ്കൃതരാജ്യങ്ങളിലാണ് നടപ്പുള്ളതെന്നു് എനിക്കു മനസ്സിലായിട്ടില്ല. ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണകാലത്തു് ക്രൌൺഭരണം തുടങ്ങുന്നതിനു മുമ്പ് ബ്രിട്ടീഷിന്ത്യയിൽ ഈ ബില്ലിലെ ഏതാനും ഭാഗം നിയമമാക്കി എന്നും അതു റദ്ദാക്കിയിട്ടില്ലെന്നുംവെച്ചു അതു നമ്മൾ പകർത്തണമോ? ഇവിടത്തെ പരിതഃസ്ഥിതികൾ അതിനനുകൂലിക്കുന്നുണ്ടോ? ഈ ബിൽ തള്ളിക്കളയണമെന്നാണു ഞാൻ ഈ കൌൺസിലിനോടു് ആവശ്യപ്പെടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, ജാതിമതാവശത നിവാരണ ബിൽ ഇവിടെ അവതരിപ്പിച്ച ഉടനെ ബഹുമാനപ്പെട്ട വൈറിലെ മെമ്പർ വളരെ പരിഭ്രമിച്ചതായി കാണപ്പെട്ട. വയറിലെ കായ്ത്തിൽമാത്രമെ കിഴക്കടെ അദ്ദേഹം ഇത്ര പരാക്രമം കാണിച്ചിട്ടുള്ളൂ. ഇതു നിയമമായി വന്നകഴിഞ്ഞാൽ ഹിന്ദുമതം മുഴുവൻ അറബിക്കടലിൽ ആണ്ടുപോകുമെന്നോ നാമാവശേഷമാകുമെന്നോ നായരുടെ ചവിട്ടികൊണ്ടു നില്ക്കുന്ന അവർണ്ണർ ഹിന്ദുമതം വിട്ടുപോയാൽ ബ്രാഹ്മണന്റെ ചവിട്ട സസന്തോഷം കൊണ്ടുകൊണ്ടിരിക്കുന്ന നായരുടെ സ്ഥിതി പരിതാപകരമായിരിക്കുമെല്ലൊ എന്നോ എന്തോ അദ്ദേഹം ഭയപ്പെട്ടുന്നതായും വിരണ്ടോടുന്നതായും കാണുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ഒരു വ്യക്തിയുടെ മതപരമായ സ്വാതന്ത്ര്യത്തിന്നുവേണ്ടി മറുള്ളവരോട അവരുടെ സ്വാതന്ത്ര്യത്തെ നിഹനിക്കണമെന്ന് ഈ ബിൽ ആരോടും ആവശ്യപ്പെടുന്നില്ല. "സ്വാതന്ത്ര്യം തന്നെയമൃതം സ്വാതന്ത്ര്യംതന്നെ ജീവിതം, പാരതന്ത്ര്യംമാനികൾക്കു മൃതിയേക്കാൾ ഭയാനകം" എന്ന മഹാകവിവചനം സ്വാതന്ത്ര്യത്തിന്റെ അത്യാവശ്യകതയെ വിശദീകരിക്കുന്നു. ലോകത്തിലെ സകല ജീവജാലങ്ങളും സ്വാതന്ത്ര്യത്തിന്നുതന്നെ നിത്യം പോരാടിക്കൊണ്ടിരിക്കുന്ന ഈ കാലത്തു പരിഷ്കൃതരായ മനുഷ്യർ വ്യക്തിസ്വാതന്ത്ര്യത്തിന്നു വാദിക്കുമ്പോൾ അതിനെ എതിർക്കുന്ന അപരിഷ്കൃതൻ ഈ കാലത്തും ഉണ്ടെല്ലൊ എന്നോർത്തു ഞാൻ അത്യന്തം വ്യസനിക്കുന്നു. ഞാൻ ഇപ്പോൾ നടക്കുന്ന മതപരിവർത്തനസംരംഭത്തിന് അനുകൂലിയല്ല. എന്നാൽ ഒരു വ്യക്തിക്ക് മതപരിവർത്തനം ആവശ്യമാണെന്ന സ്വയം തോന്നുകയാണെങ്കിൽ അതിനെ എതിർക്കുന്നതും തീരെ തെറ്റാണ്. ഹിന്ദുമതത്തിലേക്ക് ആളെ ചേർക്കുന്നതിനുള്ള ഒരു പദ്ധതിയാവും ഇപ്പോൾ ഹിന്ദുമതത്തിൽ ഏർപ്പെടുത്തീട്ടുണ്ടെന്നാണു ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തിൽനിന്നും മനസ്സിലായതു്. അതും ആവശ്യമാണ്. എന്തോ തെറ്റിധാരണയാലോ മറ്റോ ഹിന്ദുമതത്തിൽനിന്നും പരിവർത്തനം ചെയ്യപ്പെട്ടവർക്ക വീണ്ടും ഹിന്ദുമതത്തിലേക്കുതന്നെ പോരേണമെന്നുണ്ടെങ്കിൽ ആ പുതിയ വ്യവസ്ഥ ഈ സംഗതിയിൽ സഹായമായിരിക്കും. എന്നാൽ ഞാൻ പറയുന്നതു ജാതിവ്യത്യാസംതന്നെ നശിക്കുകയോ നശിപ്പിക്കുകയോ ചെയ്യണമെന്നാണ്. ജാതിവ്യത്യാസം തീരെ നശിച്ചുവരുന്ന ഒരുകാലം വന്നകഴിഞ്ഞാൽ നമുക്കു സ്വരാജ്യം കിട്ടുവാൻ അധികം പ്രയാസമില്ല. അങ്ങിനെയുള്ള ഒരുകാലം വന്നകഴിഞ്ഞാൽ പിന്നെ നമുക്ക് ഒരു വിദേശ ഗവൺമെൻറിനേയും ഭയപ്പെടേണ്ടതില്ല. നമുക്ക് എല്ലാജാതിമതസ്ഥർക്കും ജാതിമതവ്യത്യാസമെന്യെ യോജിപ്പുണ്ടായാൽ അന്നു തീച്ചയായും ഈ ഭാരതത്തിനു രാഷ്ട്രീയ സ്വാതന്ത്ര്യം ലഭ്യമാകാതിരിക്കയില്ല. ഈ നിയമം നടപ്പിൽ വന്നാൽ ഹിന്ദുക്കളുടെ എണ്ണം കുറഞ്ഞുവരുമെന്നു ബഹുമാനപ്പെട്ട ചില മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

മാർ ഭയപ്പെടുന്നതായി പ്രസ്താവിക്കയുണ്ടായി. മതം ഏതായാലും വേണ്ടതില്ല, മനുഷ്യൻ നന്നായാൽമതി എന്നാണ പരമഹംസനായ ശ്രീനാരായണഗുരു ഉപദേശിച്ചിട്ടുള്ളത്. ഇതുകൊണ്ട് ഏതൊരു വ്യക്തിക്കും തന്റെ വിശ്വാസം അനുസരിച്ച് ഏതെങ്കിലും മതത്തിൽ പോകാം. അതുമൂലം ബ്രാഹ്മണന്റെ ഹിന്ദുമതം നശിക്കുകയാണെങ്കിൽ നശിച്ചുപോകട്ടെ സവർണ്ണന്റെ ഹിന്ദുമതം അവർണ്ണനു ജന്തുമതവും അധഃകൃതനു് ഉന്തുമതവും മറ്റുള്ളവക്കു് എന്തുമതവും ആയിട്ടാണു കാണുന്നതു് എന്ന സംഗതിയിൽ വാദത്തിനവകാശമേ ഇല്ല. ഈ നിയമം നടപ്പിൽ വന്നാൽ ഹിന്ദുമതം തൃജിക്കാൻ സന്നദ്ധതയുള്ളവർ ധാരാളമുണ്ടാകുമെന്നു ചിലർ ഭയപ്പെടുന്നു. അതിനു യാതൊരു അവകാശവുമില്ല. മതപരിവർത്തനംമൂലം സ്വാതന്ത്ര്യം ചിലക്കെങ്കിലും ലഭ്യമായാൽ അവക്കെങ്കിലും അതു സാധിക്കട്ടെ. എന്നാൽ അതുമൂലം അവക്കുള്ള സ്വത്തു കൊണ്ടുപോകുമല്ലൊ എന്നാണു ചിലരുടെ ഭയം. തീച്ചയായിട്ടും അവന്നു് അവകാശപ്പെട്ട അവന്റെ മുതൽ കൊടുക്കേണ്ടതല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്. ഒരുവ്യക്തിയുടെ മതവിശ്വാസംകൊണ്ടു സ്വത്തു കൊടുക്കുവാൻ പാടില്ല എന്നു പറയുന്നതു് അക്രമമാണു്. അതുകൊണ്ടു ഗവൺമെൻറു് ഇതു പാസാക്കണമെന്നാണു് എന്റെ അപേക്ഷ. സിവിൽ മാരീജു ബിൽ പാസാക്കുവാൻ ധൈര്യവും സ്ഥൈര്യവും വിശാലമനസ്കതയും ഉണ്ടായ ജാതിമതാവശത ബാധിച്ചു് ഗവൺമെൻറു് കഷ്ടപ്പെടുന്ന അനവധിലക്ഷം ജനങ്ങളുടെ സ്വാതന്ത്ര്യത്തെ രക്ഷിക്കാൻ യാതൊരാശങ്കയും യാതൊരുവിധ ദ്രോഹവുമില്ലാത്ത നിർദ്ദോഷകരമായ ഈ ബില്ലും നിയമമാക്കണമെന്നാണു ഞാൻ അപേക്ഷിക്കുന്നതു്. ഇതു് ആശ്ചര്യം ദോഷമില്ലാത്ത ഒരുകാര്യമാണു്. വിശിഷ്യാ ഭാരതീയർ എന്നതന്നെയല്ല ലോകം മുഴുവൻ നമ്മുടെ ഗവൺമെണ്ടിനെ പ്രശംസിക്കയും ചെയ്യും. അതുകൊണ്ടു് ഈ ബിൽ പാസാക്കേണ്ടതാണെന്നു ഗവൺമെൻറിനോടു് ആവശ്യപ്പെട്ടുകൊണ്ടു് ഞാൻ ഇതിനെ പിന്താങ്ങുന്നു.

Mr. A. Sankara Menon.—Mr. President, Sir, in the statement of objects and reasons it is stated that this bill follows British Act XXI of 1850. But clause 3 does not find a place in that Act. I do not know its exact scope; what it may comprise, what it may not comprise. I will illustrate my meaning. Suppose a Hindu becomes a Christian. The Hindu may be entitled to have more than one wife. The convert to Christianity may under this bill be entitled to that right.

Then with regard to clause 4 itself it will be seen that the decisions of the British Indian Courts are not unanimous as to its interpretation. This clause is copied as it is from the British Act. No attempt has been made to reconcile conflicting decisions and views. If this matter is to be referred to a Select

LIBRARY ARCHIVES Kerala Legislative Assembly

Committee I may perhaps vote for the introduction of the Bill. But as it is, with clause 3 in it, I cannot vote for it.

Mr. K. Ayyappan.—I have no objection to refer it to a Committee.

Mr. President.—Is not the present law obtaining in the State in conformity with the British Indian Act of 1850 with regard to the right to property? If a person changes his religion I do not think he loses his right to property.

Mr. T. S. Narayana Ayyar.—There is no law which say he enes. There is, therefore, absolutey no necessity for such a bill.

Dr. A. R. Menon.—If it is only a question of property right the matter becomes very easy.

Mr. President.—Quite so. There have so far been no instances in which a person has forfeited his property rights by reason of a change of religion. The very fact that 1/3 of the population of the State are Christians shows that this spirit of tolerance has been observed from time immemorial.

Dr. A. R. Menon.—The right of property was affirmed in one case.

Mr. T. S. Narayana Ayyar.—In that case the question was whether he was entitled to remain as karanavan of the family having regard to the obligations and status of karnavan. His membership in the tarwad and other rights in the tarwad remained untouched.

Mr. K. Ayyappan.—In that case the question was not raised.

Mr. T. S. Narayana Ayyar.—It was raised. The Hon'ble Law Member, the Revenue Member and myself were in touch with the case at some stages.

Mr. President.—If it is the intention of the Hon'ble Member Mr. Ayyappan that he would take it to a select committee and there agree merely to the copying of provisions relating to the forfeiture of property rights I think it is not necessary to take the trouble. Unless the right is challenged it is not necessary to enact on a supposed assumption. I do not think there is any need to enact a legislation for a state of affairs that already exist.

Mr. C. R. Iyyunni.—There is no clear provision of law with regard to the property right. That question has been left untouched.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ.— സർ, ഇവിടെ ഈ കാര്യത്തിൽ നിയമം നടപ്പുണ്ടോ ഇല്ലയോ എന്ന സംശയമാണ്. ഈ കാര്യത്തിൽ ഇവിടെ കേസ്സുകൾ വരാത്തതിന്റെ കാരണം ഉണ്ട്. സ്വത്തുള്ള സമുദായങ്ങളിൽനിന്ന് മതം മാറിയവർ അധികമില്ല. അങ്ങിനെ മാറിയിട്ടുള്ളവർക്കു തന്നെ അവകാശത്തർക്കത്തിന്ന് ആവശ്യം നേരിട്ടിരിക്കയില്ല മതം മാറിയവർ അധികവും സ്വത്തില്ലാത്ത സമുദായക്കാരിൽ നിന്നാണ്. അവരുടെ കാര്യത്തിലും കേസ്സു വരാൻ തരമില്ല.

Mr. President.—We feel sufficient difficulties in our attempts to enact legislation to remove disabilities that really exist. But to attempt to legislate to remove disabilities that do not exist, that have not been known to exist in the State is, I think, not at all fair to the legislature. I can tell the Hon'ble Member that if there is even one instance of any case in which property right has been deprived simply because of the change of religion, I am sure the Government will immediately come to the rescue. I can certainly say that it is the policy of the Government not to allow forfeiture of property rights by reason of change of caste.

At least there must be one instance of a judgment of the Chief Court which has said that a person has been deprived of property rights merely because of a change of caste. Then immediately there will be an emergency legislation.

Mr. A. Narayana Menon.—In one instance I know that a gentleman who lost his caste was given his share in a private partition.

Mr. P. Raman Menon.—He was a party to the document and he was given a share. It was a registered partition deed.

Mr. T. S. Narayana Ayyar.—That partition deed was exhibited in Mannadi Nayar's case.

Mr. T. K. Nayar.—The mover is not at all satisfied with property rights.

Mr. President. Then it is different.

Mr. T. K. Nayar.—If it is for the property rights alone, I do not think there is much difficulty, as mentioned by the President. But the principle of the bill is much wider. I do not think the Select Committee can change the principle of the Bill.

Dr. A. R. Menon.—If this principle of the bill is accepted, can the Select Committee modify it in such a way as to lose the spirit of this legislation?

LIBRARY ARCHIVES Kerala Legislative Assembly

Mr. President.—I must warn the Hon'ble Members that if the bill is referred to a Select Committee they accept the principle underlying the bill. The principle underlying the bill is certainly of a very much wider scope than the property rights.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഞാൻ ഒരു നിയമ വിദഗ്ദ്ധനൊന്നമല്ല. അതുകൊണ്ടു ചോദിക്കുകയാണ്. ഒരാൾ കൃസ്തുമതത്തിൽ ചേർന്നു. അതിനുശേഷം അയാൾ സ്വത്തിനാവശ്യപ്പെട്ടു. സ്വത്തു കൊടുക്കുകയില്ലെന്നു മറുപടി അവകാശികൾ ശഠിച്ചു. അതിനെപ്പറ്റി വ്യവഹാരം കൊടുത്താൽ ഗുണം കിട്ടുമോ എന്നറിയാൻവേണ്ടി ഒരു വക്കീലിന്റെ അടുക്കൽ എന്റെ അച്ഛൻ ആ കക്ഷിയോടുകൂടി ചെന്നു. അപ്പോൾ ആ വക്കീൽ പറഞ്ഞതു് ഒരാൾ ഹിന്ദുമതത്തിൽനിന്നു പോയാൽ ആ ആൾക്കു് സ്വത്തവകാശം ഇല്ലെന്നാണ്. ആ വക്കീൽ ഇന്നത്തെ ഗവൺമെണ്ടു സിക്രട്ടറി മിസ്റ്റർ ടി. എസ്. നാരായണയ്യരുടെ അച്ഛനായിരുന്നു. ആ കാര്യം എനിക്കു് ഓർമ്മയുണ്ടു്. അതുകൊണ്ടാണ് ഞാൻ എന്റെ പ്രസംഗത്തിൽ അങ്ങിനെയുള്ള അസൌകര്യങ്ങളൊ പ്രതിബന്ധങ്ങളൊ ഇനിയെങ്കിലും നേരിടാതിരിക്കത്തക്ക വ്യവസ്ഥകളോടുകൂടിയ നിയമങ്ങൾ വേണമെന്നു പ്രത്യേകം പ്രസ്താവിച്ചതു്.

* മിസ്റ്റർ ടി. കെ. നായർ.— ഈ നിയമസഭയ്ക്കു് ഈ ബിൽ പുതിയതല്ല. എന്റെ ഓർമ്മയിൽ ഇതു മൂന്നാമത്തെ പ്രാവശ്യമാണ്. ആദ്യമെതന്നെ ഇതു തള്ളിക്കളഞ്ഞു, രണ്ടാംപ്രാവശ്യവും തള്ളിക്കളഞ്ഞു. ഫ്രഞ്ച്-ൽ ബിൽ അവതരിപ്പിച്ചതു് ഇപ്പോൾ ചീഫ് കോർട്ട ജഡ്ജിയായിരിക്കുന്ന മിസ്റ്റർ വി. ഡി. ഔസേപ്പായിരുന്നു. അതിഗംഭീരമായ വാദപ്രതിവാദത്തിനുശേഷം അതു വോട്ടിനിട്ടപ്പോൾ മെസ്സേഴ്സ് കെ. അയ്യപ്പൻ, വി. ഡി. ഔസേപ്പ്, എം. കെ. രാമൻ ഇവർ മൂന്നുപേർ അനുകൂലികളായും 23പേർ പ്രതികൂലികളായും വോട്ടുചെയ്തു. ഒരാൾ നിഷ്പക്ഷനില അംഗീകരിച്ചു. അങ്ങിനെ അപ്പോഴും ബിൽ തള്ളിപ്പോയി. ഇതിനു മുമ്പിലത്തെബില്ലും ഇതും തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ടു്. ഇതിലെ മൂന്നാംവകുപ്പു് അതിൽ ഇല്ല. ഇതിനെ സംബന്ധിച്ചു നടന്ന ഒരു കേസിൽ അല്ലഹബാദ് ഹൈക്കോർട്ട സ്വത്താവകാശം ഉണ്ടെന്നു സ്ഥാപിച്ചു വിധി പ്രസ്ഥാപിച്ചു. എന്നാൽ അത്തരം ഒരു കേസുതന്നെ മദ്രാസ് ഹൈക്കോർട്ടിൽ നിന്നു സ്വത്തവകാശമില്ലെന്നു സ്ഥാപിച്ചു വിധിക്കുകയും ഉണ്ടായിട്ടുണ്ടു്. ഇതിലെ ന്യായങ്ങൾ ശരിയായിരുന്നെങ്കിൽ ഇങ്ങിനെ വിപരീതമായ വിധി ഉണ്ടാകുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഇതിനെ സംബന്ധിച്ചു ശരിയായ ഒരു തീരുമാനം ബ്രിട്ടീഷിൻഡ്യയിലും ഉണ്ടായിട്ടില്ല. ഈ നിയമത്തെക്കുറിച്ചുള്ള അഭിപ്രായം ഏതായാലും ശരിയല്ല. ഇതിന്റെ ഉദ്ദേശത്തെക്കുറിച്ചു പറയുകയാണെങ്കിൽ,

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

"So much of any law or usage now in force within the two territories subject to the government of the East India Company as inflict on any person forfeiture of rights or property (no doubt the word 'right' occurs there but when you take it with the preamble it can only be held to mean "property") or may be held in any way to empower or affect any right of inheritance by reason of his or her renouncing or having been excluded from the communion of any religion or being deprived of caste shall cease to be enforced of as law in the Courts of the East India Company and in the Courts established by Royal charter within the said territories"

എന്നുള്ളതുകൊണ്ടു റൈറ്റ് എന്നു വിചാരിക്കാൻ നിവൃത്തിയില്ല. ഇതുകൊണ്ടാണു് ഈ ബില്ലിനെക്കുറിച്ചു ഞങ്ങൾതമ്മിൽ അന്നുമുതല്ക്കു അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കുന്നതു്. അദ്ദേഹത്തിന്റെ ഉദ്ദേശം പ്രാപ്പർട്ടി റൈറ്റ് ആയിട്ട കൊടുക്കണമെന്നുള്ളതല്ല. ഇങ്ങിനെയുള്ള ഒരു ബിൽ സിലക്ട് കമ്മിറ്റിക്കു് അയക്കേണ്ട ആവശ്യമേ ഇല്ല. മതം മാറിയ ഒരാൾക്കു് അയാൾ അതിനുമുമ്പു് ഏതു മതത്തിൽ ആയിരുന്നുവോ ആ മതത്തിലുള്ള അവകാശം സ്ഥാപിച്ചു കിട്ടണമെന്നുദ്ദേശമുണ്ടെങ്കിൽ ഈ ബിൽ സിലക്ട് കമ്മിറ്റിക്കു് അയയ്ക്കേണ്ട ആവശ്യമില്ല.

എന്റെ ഒരു സഹോദരൻ ഹിന്ദുമതം മാറി മുസ്ലീം മതം സ്വീകരിച്ചു എന്നു വിചാരിക്കുക; അദ്ദേഹത്തിന്റെ ശ്രാദ്ധം ഊട്ടുന്നതിനു ബ്രാഹ്മണൻ വരുന്ന സമയം ഈ ബിൽ പ്രകാരം എന്റെ വീട്ടിൽ സ്വാധികാരവും കിട്ടുന്നു. എന്റെ ആ മുസ്ലീം സഹോദരൻ വന്നു് അടുക്കളയിൽ കയറുകയാണെങ്കിൽ ബ്രാഹ്മണൻ ശ്രാദ്ധം നടത്താതെ ഇറങ്ങിപ്പോകുന്നതാണു്. ഈ ബിൽ പ്രകാരം മതം മാറിയ ഒരാൾ മുസ്ലീമോ ക്രിസ്തുനോ ആരായാലും അയാൾക്കു് വീട്ടിലോ അമ്പലത്തിലോ എവിടെയെങ്കിലും കയറുന്നതിനു വിരോധമില്ല. (അമ്പലത്തിൽ ആരു കയറുന്നതിലും എനിക്കു വിരോധമില്ല) പക്ഷെ കുടുംബത്തിൽ കയറുന്നതു ശരിയാണെന്നു തോന്നുന്നില്ല. എന്റെ മാന്യ സ്നേഹിതൻ ആവശ്യപ്പെടുന്നതു മതസ്വാതന്ത്ര്യം വേണമെന്നാണു്. അതു് എല്ലാപേക്കും കൊടുക്കണമെന്നതന്നെയാണു് ഞാനും പറയുന്നതു്. വീട്ടിലുള്ളവർ സമാധാനത്തോടും കലഹമില്ലാതേയും ജീവിക്കുന്നതിനു് അവക്കു മതസ്വാതന്ത്ര്യം വേണമെന്നാണു് എന്റേയും വാദം. എന്റെ മതസ്വാതന്ത്ര്യം കളയാൻവേണ്ടിഞാനെന്തിനു് ഈ ബില്ലിനെ അനുകൂലിക്കുന്നു. എന്റെ ഒരു സഹോദരൻ മതം മാറി എന്റെ വീട്ടിൽ വന്നു താമസിക്കുകയാണെങ്കിൽ പിന്നെ എനിയ്ക്കു് എന്താണു മതസ്വാതന്ത്ര്യമുള്ളതു്? മതം മാറിയ സഹോദരൻ വന്നു് എന്റെ സ്വാതന്ത്ര്യം തടയുമ്പോൾ അതിനെതടഞ്ഞു് എന്റെ മതസ്വാതന്ത്ര്യം രക്ഷിക്കാനുള്ള വഴിയൊന്നും ഈ ബില്ലിൽ കാണുന്നില്ല. അതുകൊണ്ടു ഈ ബിൽ ഒരിക്കലും അനുകൂലിക്കാൻ നിവൃത്തിയില്ല. അദ്ദേഹവും ഞാനും തമ്മിൽ അഭിപ്രായവ്യത്യാസം വന്നിട്ടുള്ളതു് ഈ ഒരു ബില്ലിൽ മാത്രമേ ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ആ അഭിപ്രായവ്യത്യാസം ഈ ബിൽ ഇവിടെ അവതരിച്ചപ്പോൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴും അതുകൊണ്ട് ഇതിനെഇതേ രൂപത്തിൽ സ്വീകരിക്കണമെന്നതിന് എന്റെ മനസ്സ് അനുവദിക്കുന്നില്ല.

മിസ്റ്റർ. കെ. അയ്യപ്പൻ.— സർ, കഴിഞ്ഞതവണ ഈ ബില്ലിനു കിട്ടിയ അനുഭവം തന്നെയാണ് ഈ തവണയും കിട്ടുന്നതെങ്കിൽ ഞാൻ അശേഷം കുണ്ഠിതപ്പെടുന്നില്ല. എന്റെ മാന്യ സ്നേഹിതൻ മതസ്വാതന്ത്ര്യം വേണമെന്നു പറഞ്ഞപ്പോൾ മതം എന്താണെന്നുള്ളതിനു വളരെ സങ്കുചിതമായ ഒരു വ്യാഖ്യാനമാണു കൊടുത്തത്. മതം എന്നു പറയുന്നതു് അടുക്കളക്കായ്വും ശ്രാദ്ധക്കായ്വും മറ്റും അല്ല. മതത്തെക്കുറിച്ചുള്ള വാദം വരുമ്പോൾ എന്റെ സ്നേഹിതനും അതു സമ്മതിക്കാതിരിക്കയില്ല. എല്ലാ മതക്കാരുടെ ഉൽകൃഷ്ടമായ മതസിദ്ധാന്തം അങ്ങിനെയുള്ളതെന്നാണ് കരുതേണ്ടതു്. അങ്ങിനെയുള്ള മതം വെച്ചു കൊണ്ടിരിക്കാനുള്ള സ്വാതന്ത്ര്യത്തിൽ അടുക്കളക്കായ്വും പള്ളിക്കായ്വും അമ്പലക്കായ്വും മറ്റും ഉൾപ്പെടുകയില്ല. എന്റെ സ്നേഹിതൻ ഇപ്പോഴുള്ള ആചാരങ്ങളുടെ സ്വാതന്ത്ര്യത്തെ മാത്രം ഉദ്ദേശിച്ചാണു മതസ്വാതന്ത്ര്യം എന്നു പറഞ്ഞതു്. ഒരു ഹിന്ദുവിന്റെ അടുക്കളയിൽ മുസ്ലീം കയറിയാൽ അശുദ്ധമാകുമെന്നുള്ള അന്ധവിശ്വാസം മാറണം. മതവിശ്വാസം എന്തായാലും മനുഷ്യരെല്ലാം സാമൂഹ്യജീവിതത്തിൽ ഭേദമില്ലാതെ ഒരുമിച്ചു കഴിയുവാൻ കഴിയുന്ന സ്ഥിതിവരണം. അതാണു് എന്റെ ഉദ്ദേശം. മതം മാറിയാൽ സ്വത്തവകാശം നഷ്ടപ്പെടുകയില്ല എന്നാണു് ഇവിടത്തെ നിയമമെന്നു ചിലർ പറഞ്ഞതു ശരിയല്ല. വൈറില മെമ്പരുടെ മനസ്ഥിതി എന്നെ ഭയപ്പെടുത്തുന്നു. ഒരു സാധാരണക്കാരനു് അങ്ങിനെയുള്ള മനസ്ഥിതി ഉണ്ടായാൽ ക്ഷമിക്കാം. അദ്ദേഹത്തെപ്പോലെയുള്ള ഒരാൾക്കു് അതു സങ്കുചിത മനസ്ഥിതി വരാൻ പാടില്ലാത്തതാണു്. അതു കാണുമ്പോൾ എന്റെ ബിൽ ആവശ്യമാണെന്നു തെളിയുന്നേയുള്ളൂ. യഥാർത്ഥ ദേശീയമനസ്ഥിതി നമുക്കുണ്ടായാൽ ഈ ബില്ലിനെ എതിർക്കയില്ല. ഉത്തമമായ ദേശീയതാ തത്വത്തെ ആസ്പദമാക്കിയാണു ഞാൻ ഈ ബില്ലു കൊണ്ടുവന്നിട്ടുള്ളതു്.

Mr. A. V. Moothedan.—In this matter will the Government Members be allowed to vote according to their conscience?

Mr. President.—You will see now.

Mr. K. Ayyappan.—Last time the Government remained neutral.

Mr. President.— I already explained the view of the Government. As a matter of fact the Hon'ble Member has given his real explanation in his objects and reasons and I think it will be super-optimistic on the part of the Member to expect the Government to remain neutral.

LIBRARY ARCHIVES Kerala Legislative Assembly

The question is that leave be granted to introduce the Cochin Castes and Religious Disabilities Removal Bill.

Question put and negatived.

Mr. K. Ayyappan.—A poll, Sir,

POLL.

Ayes.

1. Mr. George Parakkal.
2. Mr. C. R. Iyyunni.
3. Mr. V. K. Krishnankutty.
4. Mr. K Ayyappan.
5. Mr. P. Govinda Menon.
6. Mr. K. S. Panikkar.
7. Mr. V. K. Kutty.
8. Mr. P. J. Alexander.
9. Mr. A. V. Moothedan.
10. Mr. P. C. Varkey.
11. Mr. V. S. Krishnan Vydiar.

Noes.

1. Mrs. Meenakshy N. Menon.
2. Miss. G. M. D'Souza.
3. Mr. C. S. Viswanatha Ayyar.
4. Mr. P. Kumaran Ezhuthassan.
5. Mr. T. K. Nayar.
6. Mr. A. Eachara Menon.
7. Mr. K. Kunhirama Menon.
8. Mr. Ashtamoorthi Nambudiripad.
9. Mr. T. A Ramachandra Ayyar
10. Mr. P. Raman Menon.
11. Mr. K. S. Manickam.
12. Mr. A. Narayana Menon.
13. Mr. P. Sankunni Menon.
14. Mr. R. Viswanathan Chettiar.
15. Mr. M. A. Sankunni.
16. Mr. A. Sankara Menon.
17. Mr. V. K. Aravindaksha Menon.
18. Rama Varmha Tampuran.
19. Mr. K. Krishna Warrair.
20. Mr. K. Narayana Menon.
21. Mr. M. P. Cherian.
22. Mr. T. Narayana Menon.
23. Dr. E. S. R. Menon.
24. Mr. P. Nilakanta Menon.
25. Rao Sahib I. N. Menon.
26. Mr. Thomas Manjuran.
27. Dr. D. Raghavendra Rao.
28. Mr. P. V. Subramania Ayyar.
29. Mr. K. Achyuta Menon.
30. Mr. T. S. Narayana Ayyar.

Neutrals.

Dr. A. R. Menon.
Mr. E. Ikkanda Warriar.

The motion was therefore lost.

The Cochin State Insurance Bill.

Mr. A. Narayana Menon.—Sir, I move for leave to introduce the Cochin State Insurance Bill.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. C. Varkey.—I second it.

Mr. President.—The question is that leave be granted to introduce the Cochin State Insurance Bill.

Question put and carried.

Resolutions (Contd.)

36. Revision of the Rules Governing Travelling and Daily Allowances (Contd.)

മിസ്റ്റർ വി. കെ. കട്ടി.— സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. വലിയവലിയ ഉദ്യോഗസ്ഥന്മാർക്ക യാത്രചെയ്യേണ്ട അവസരങ്ങളിൽ അവരുടെ ബിൽ അനുസരിച്ച് മൈലേജ് തോറും ക്ലാസ്സ് വെക്കാതേയും മറും ധാരാളം അലവൻസ് അനുവദിച്ചു കൊടുക്കുക പതിവാണ്. അതേസമയം അവരുടെകൂടെ യാത്രചെയ്യേണ്ടിവരുന്ന സാധുക്കളായ ഉദ്യോഗസ്ഥന്മാക്ക് അത്തരത്തിലുള്ള സൌജന്യങ്ങളൊന്നും അനുവദിക്കുന്നുമില്ല. അതിന്റെ ഫലമായിട്ടാണ് ഇങ്ങിനെ ഒരു പ്രമേയം ഇവിടെ കൊണ്ടുവരേണ്ട ആവശ്യമുണ്ടായതു്. ഈ വിഷയത്തെക്കുറിച്ചു ഗവമ്മെണ്ടുദ്യോഗസ്ഥന്മാക്ക ശരിയായ അനുഭാവമുള്ളതുകൊണ്ട് ഒരു പ്രസംഗത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പത്തും പന്ത്രണ്ടും രൂപ ശമ്പളമുള്ള ചെറിയ ഉദ്യോഗസ്ഥന്മാർ എത്രദൂരം യാത്രചെയ്താലും ന്യായമായി അവരുടെ ചിലവിനനുസരിച്ച് ഒരുതുക കൊടുക്കുന്നില്ലെന്നാക്ഷേപം തുടങ്ങീട്ട വളരെക്കാലമായി. സാധുക്കളുടെ സങ്കടം വലിയവരുടെ ചെവിയിൽ എത്തുന്നതുതന്നെ വളരെ താമസിച്ചാണ്. ഒരു കാര്യം ഗവമ്മെണ്ടു പ്രത്യേകം ആലോചിക്കണം. ഇങ്ങിനെയുള്ള നിസ്സാരകാര്യങ്ങളിൽനിന്നാണു നാട്ടിൽ വലിയ പരിവർത്തനങ്ങൾ ഉണ്ടാകുന്നതു്. അങ്ങിനെ ഉണ്ടാകാതെ ഇരിക്കാൻ ഗവമ്മെണ്ടു സൂക്ഷിക്കണം. ഉദ്ദേശിക്കാത്ത നിലയിലുള്ള പരിവർത്തനങ്ങൾ നാട്ടിൽ ഉണ്ടാകുന്നതിനെപ്പറ്റിയും മറും ഗവമ്മെണ്ടു ചിന്തിക്കാതിരിക്കുന്നതു വലിയ കഷ്ടമാണു്. ഈ വിഷയത്തെക്കുറിച്ചു ഗവമ്മെണ്ടിന് ഒരു വാദപ്രതിവാദം വേണ്ടിവരുമെന്നൊനിക്കു തോന്നുന്നില്ല. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

(At this stage the Deputy President, M. R. Ry., A. Sankara Menon Avl., B. A., B. L., occupied the Chair)

മിസ്റ്റർ കെ. എസ്സ്. പണിക്കർ — സർ, ഞാൻ മലയാളത്തിൽ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിന്നു് മലയാളത്തിൽതന്നെ മറുപടി പറയണം.

മിസ്റ്റർ പി. വി. സുബ്രഹ്മണ്യർ.— മലയാളത്തിൽതന്നെ വേണ

LIBRARY ARCHIVES Kerala Legislative Assembly